(ബി) ഇതിലേക്കായി സംസ്ഥാന ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വയം ശമ്പളം എഴുതി മാറുന്ന എല്ലാ ജീവനക്കാരുടേയും ശമ്പളം 1-1-2011 മുതൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിന് 3-12-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 658/10/ ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാന ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

സംസ്ഥാന ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. ലൂടെ വിതരണം

169 (235) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. ലൂടെ വിതരണം നടത്തുവാൻ സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നുമുതൽ ഈ സംവിധാനം നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) നാളിതുവരെ ജീവനക്കാർക്ക് ഈ സൗകര്യം ഏർപ്പെടുത്താൻ കഴിയാതിരുന്നതിനുള്ള കാരണം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സംവിധാനം നടപ്പിലാക്കുന്നതിന് റിസർവ്വ് ബാങ്ക് എന്തെങ്കിലും സാങ്കേതിക തടസ്സം ഉന്നയിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി ജീവനക്കാരുടെ ശമ്പളം എ. റ്റി. എം.-ലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രഷറികളിൽ കമ്പ്യൂട്ടർവൽക്കരണത്തോടനുബന്ധമായി എ.ടി.എം. സ്ഥാപിക്കുന്നതിന് മുന്നോടിയായി കോർ ബാങ്കിംഗ് സംവിധാനവും ഹൊറിസോണ്ടർ കണക്റ്റിവിറ്റിയും അത്യാവശ്യമായിട്ടുണ്ട്. ഈ രണ്ടു സംവിധാനവും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയുടെ വികസിപ്പിക്കലും രൂപമാറ്റവും അതിനോടൊപ്പം ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനവും പൂർത്തീകരിക്കാൻ കഴിയാത്തതും ഈ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാങ്കേതിക തടസ്സം സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണം

170 (236) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണത്തിനായി മരാമത്ത് വകുപ്പ് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെങ്കിൽ എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരം കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണത്തിനായി 22.50 കോടി രൂപയുടെ (2009 SoR) റഫ്കോസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഇതിന്റെ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിൽ ഫയൽ ലഭിച്ചിട്ടില്ല. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിന് തന്നെ നൽകാവുന്നതാണ്.

(സി) ഇതിനായി ഭരണവകുപ്പിൽ നിന്നും ഇതുവരെ ശുപാർശ ലഭിച്ചിട്ടില്ല.

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയക്കായി അനുവദിച്ച പലിശ രഹിത വായ്പ

171 (237) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ബധിരമൂകരായ കുട്ടികളുടെ കേൾവി/ സംസാരശേഷി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാൻസ് ശാസ്ത്രക്രിയക്കായി അനുവദിച്ച പലിശ രഹിത വായ്പ റീഇംപ്ലേസ്മെന്റ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പിന് ലഭിച്ച അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 19-6-2008-ലെ നമ്പർ 5330/എംഫിൻ/08, 28-6-2008-ലെ നമ്പർ 5586/എംഫിൻ/08 എന്നീ അപേക്ഷകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly